# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3803- 15/03/2017 - ലെ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പ തിരിച്ചടവ്

**ചോദ്യം** **ഉത്തരം**

ശ്രീ . രാജു എബ്രഹാം

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ. | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ/സ്വകാര്യ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ എന്ന് വെളിപ്പെടുത്താമോ; | മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് ഇൻഡ്യൻ ബാങ്ക്സ് അസോസിയേഷൻ (IBA) മാനദണ്ഡം അനുസരിച്ചാണ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത്. മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് അതാതു ബാങ്കുകളുടെ മാനദണ്ഡം അനുസരിച്ചാണ് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത്. |
| ബി | സംസ്ഥാനത്തിനകത്തും പുറത്തുമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിനായി വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷിച്ച നിരവധി പേർക്ക് ബാങ്ക് മാനേജർമാർ പല മാനദണ്ഡങ്ങൾ ചൂണ്ടിക്കാട്ടി വായ്പ നിഷേധിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; *ഇതു സംബന്ധിച്ച്* ജില്ലാ കളക്ടർമാർക്ക് ലഭിച്ച പരാതികളുടെ പട്ടിക ജില്ല തിരിച്ച് വ്യക്തമാക്കാമോ; | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന പരാതികളിൽ യുക്തമായ നടപടികൾ കൈക്കൊള്ളുവാനുള്ള നിർദ്ദേശം അതാതു ബാങ്കുകളുടെ പരാതി പരിഹാര ഓഫീസർക്ക് (Grievance Redressal Officer) അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. |
| സി | ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | |
| ഡി | വിദ്യാഭ്യാസ വായ്പ എടുത്തവരുടെ വായ്പ തിരിച്ചടവിന് പലിശയിൽ സഹായം നൽകുന്നതിന് എന്തെങ്കിലും നടപടികൾ | കേന്ദ്രസർക്കാരിന്റെ CSIS(Central Scheme of Interest Subsidy) for Education Loans പദ്ധതി പ്രകാരം ഡിഗ്രി തല കോഴ്സുകളിൽ |

| | | |
|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | മെറിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് പഠന കാലയളവിലെ പലിശ കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്. തിരിച്ചടവിൽ കുടിശ്ശിക വരുത്തിയ കുട്ടികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) RBI/അതാതു ബാങ്കുകളുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഇളവുകൾ നൽകാറുണ്ട്. |
| ഇ | വാർഷിക വരുമാനം കുറവുള്ള വിദ്യാഭ്യാസ വായ്പക്കാർക്ക് തങ്ങളുടെ വായ്പ തിരിച്ചടവിന് കൂടുതൽ കാലാവധിയും പലിശയ്ക്ക് സർക്കാർ സബ്സിഡിയും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | 2017-18ലെ ബജറ്റ് പ്രസംഗത്തിൽ, വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം നിഷ്ക്രിയ ആസ്തിയായി (NPA) മാറിയ വായ്പാതുകയുടെ 60 ശതമാനം നൽകികൊണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്നതിന് സർക്കാർ സഹായിക്കുന്നതാണ്. ഇതുപോലെ തന്നെ മറ്റു വിദ്യാഭ്യാസ വായ്പാ തിരിച്ചടവുകാർ കൃത്യമായി മുതലും പലിശയും തിരിച്ച് അടയ്ക്കുകയാണെങ്കിൽ തിരിച്ചടവിന്റെ ഒരു ഭാഗം നിശ്ചിത കാലത്തേക്ക് സർക്കാർ വഹിക്കുന്നതാണ്. |

Sreekumar

സെക്ഷൻ ഓഫീസർ